## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5658 — 03-11-2016-ൽ മറുപടിയ്ക്ക്

### പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് എന്തെല്ലാം പദ്ധതികളാണ് ഉള്ളതെന്നും അതനുസരിച്ച് ഇപ്പോൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | എ) | പട്ടികജാതി കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.<br><br>1. പ്രീ.മെട്രിക് സ്കോളർഷിപ്പ്<br>2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്<br>4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)<br>5. 9,10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)<br>6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് (2.5 ലക്ഷം രൂപയിൽതാഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)<br>7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് 5,500/-രൂപ<br>8. ലാപ്ടോപ്പ് വാങ്ങുന്നതിന് 25,000/- രൂപ<br>9. വിദ്യാഭ്യാസ പ്രാരംഭച്ചെലവുകൾ<br>10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്ക് ധനസഹായം. |

| | | | |
|---|---|---|---|
| | | | 11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം<br><br>12. വിഷൻ 2013- മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം<br><br>13. പ്രത്യേക പ്രോത്സാഹന സമ്മാനം (എസ്.എസ്.എൽ.സി, +2, ടി.ടി.സി., ഡിപ്ലോമ, ഡിഗ്രി, പി.ജി. പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്)<br><br>14. ബുക്ക് ബാങ്ക് സ്കീം (50% CSS)<br>15. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ<br><br>പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.<br><br>1. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ<br>2. VTC,ITC<br>3 അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്കീം<br>4. പ്രീ-മെട്രിക് സ്കോളർഷിപ്പ്<br>5. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>6. ട്യൂട്ടോറിയൽ ഗ്രാന്റ്<br>7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം<br>8. ബെറ്റർ എഡ്യൂക്കേഷൻ<br>9.. ലാപ്ടോപ്പ് വിതരണം<br>10. ഗോത്ര സാരഥി<br>11. മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം |

| | | | |
|---|---|---|---|
| ബി) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മത്സര പരീക്ഷ കൾക്ക് സജ്ജമാക്കുന്നതിന് എന്തെങ്കിലും പരിപാടികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തൊക്കെയാണ് ; | ബി) | ഉണ്ട്.<br>എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+ -ൽ കുറയാത്ത ഗ്രേഡ് വാങ്ങി പാസ്സായി +2 - വിന് സയൻസ് ഗ്രൂപ്പിൽ പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2 വർഷത്തെ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി 20,000/-രൂപ (ഇരുപതിനായിരംരൂപ) അനുവദിച്ചുനൽകുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്കു ICSETS വഴി പരിശീലനം നൽകുന്നു.<br>PETC കൾ വഴി പി.എസ്.സി. പരീക്ഷ തുടങ്ങിയ മത്സര പരീക്ഷ കൾക്ക് പരിശീലനം നൽകുന്നു. CREST വഴിയും പരിശീലനം നൽകുന്നുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വിവിധ ജില്ലാ ഓഫീസുകൾ മുഖേനയും വയനാട് ജില്ലയിലെ "അമൃത്" മുഖേനയും ഉദ്യോഗാർത്ഥികൾക്ക് മത്സര പരീ ക്ഷകൾക്ക് പരിശീലനം നൽകുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷയിൽ മികച്ച വിജയം നേടുന്നതിനായി എൻട്രൻസ് ക്രാഷ് കോഴ്സ്, റിപ്പീറ്റിംഗ് കോഴ്സ് എന്നിവയും സംഘടിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| സി) | പഠനമുറികൾ സ്ഥാപിക്കാൻ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കുമോ ; | സി) | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകാൻ ആലോചനയുണ്ട്. |
| ഡി) | എങ്കിൽ ഈ സഹായത്തിന് ഗുണഭോക്താക്കളെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത് ; | ഡി) | ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ തയ്യാറാക്കുന്ന അതാത് പരിധിയിലെ ഹൈസ്ക്കൂളുകളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റിൽ നിന്നും പഞ്ചായത്ത്/മുൻസിപ്പൽ/കോർപ്പറേഷൻ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രൊമോട്ടർമാരുടെ സഹായത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഇ) | പഠിതാക്കൾ ഉള്ള എല്ലാ വീടുകളിലും പഠനമുറികൾ അനുവദിക്കുമോ എന്നും ; പഠനമുറികളിൽ എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ ? | ഇ) | പഠിതാക്കളുള്ള എല്ലാ വീടുകളിലും പഠനമുറി അനുവദിയ്ക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. സർക്കാർ/ എയ്ഡഡ്/ ടെക്നിക്കൽ സ്ക്കൂളുകളിൽ VIII,IX,X ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളും 1,00,000/- രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവരും മറ്റ് ഏജൻസികളിൽ നിന്നും ഇതിനു മുമ്പ് ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിക്കാത്തവരും, മാതാപിതാക്കൾ നഷ്ടപ്പെട്ടവരും, വിധവകളുടെ മക്കളും, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെയുമാണ് പരിഗണിക്കാൻ ഉദ്ദേശിക്കുന്നത്. വീടിനോട് ചേർന്ന് 120 സ്ക്വയർഫീറ്റ് |

| | | | |
|---|---|---|---|
| | | | വിസ്തൃതിയുള്ളതും മേൽക്കൂര കോൺക്രീറ്റ് ചെയ്തും തറ ടൈൽസ് പാകിയതുമായ മുറിയിൽ പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര (2 കുട്ടികൾക്കാവശ്യമുള്ളത്) ലൈറ്റ്, ഫാൻ, സ്റ്റഡിഡെസ്ക്, 3 പ്ലാസ്റ്റിക് കസേരകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ